മേലെഴുത്ത് കത്ത് നം .ഇ ബി4- 20357/2025/ആവഡ തീയതി

**#ApprovedDate#**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും

തുടർനടപടിക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു .

Signed by
Reena K J
Date: 04-11-2025 17:45:56

ആരോഗ്യവകുപ്പ് ഡയറക്ടർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - പീഡിയാട്രിക് വിഭാഗം ജൂനീയർ കൺസൾട്ടന്റ് ഡോ.അമിത് കുമാർ.വി. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM)-840/2025 ഹർജയിന്മേലുള്ള 12-06-2025 തീയതിയിലെ അന്തിമ ഉത്തരവ് അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3321/2025/H&FWD തീയതി,തിരുവനന്തപുരം, 30-10-2025

---

പരാമർശം:-

1. ഡോ.അമിത്കുമാർ.വി. ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച 28.05.2025 തീയതിയായ അപേക്ഷ (Annexure A6).
2. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM)-840/2025 ഹർജയിന്മേലുള്ള 12.06.2025 തീയതിയായ അന്തിമ ഉത്തരവ്.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 19.08.2025-ലെ DHS/20357/2025-EB4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2025 വർഷത്തെ പൊതുസ്ഥലംമാറ്റത്തിൽ ഹോം സ്റ്റേഷനായ തിരുവനന്തപുരത്തേയ്ക്ക് സ്ഥലംമാറ്റം നിഷേധിച്ചതിനെതിരെ പീഡിയാട്രിക് വിഭാഗം ജൂനീയർ കൺസൾട്ടന്റ് ഡോ.അമിത് കുമാർ.വി. സർക്കാരിൽ പരാമർശം (1) അപ്പീൽ അപേക്ഷ സമർപ്പിക്കുകയും, ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA (EKM)-840/2025 ഹർജി ഫയൽ ചെയ്യുകയുമുണ്ടായി.

2) അപേക്ഷകൻ ആരോഗ്യ വകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച പരാമർശം (1) അപ്പീൽ അപേക്ഷ പരിശോധിച്ച് ആവശ്യമെങ്കിൽ അപേക്ഷകനെ സർക്കാരിൽ നേരിൽ കേട്ടതിനു ശേഷം ഉത്തരവ് കൈപ്പറ്റി രണ്ട് മാസത്തിനുള്ളിൽ അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് പരാമർശം (2) അന്തിമ വിധിയിൽ ബഹു:ട്രൈബ്യൂണൽ നിർദ്ദേശം നൽകിയിരുന്നു. സർക്കാർ അധികാരപ്പെടുത്തിയതനുസരിച്ച് ചുവടെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥ 20.08.2025-ൽ അപേക്ഷകനെ നേരിൽ കേൾക്കുകയുണ്ടായി.

<u>3) Annexure A6 അപ്പീൽ അപേക്ഷയിലെ ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു:</u>

നിലവിൽ പാലക്കാട് ഒറ്റപ്പാലം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്തു വരുന്നു. ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ സ്ഥാനമാറ്റം ലഭിച്ച 07.07.2023 മുതൽ പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്തു വരുന്നു. 31.05.2027-ൽ സർവ്വീസിൽ നിന്നും വിരമിക്കും. ഹോം സ്റ്റേഷൻ തിരുവനന്തപുരമാണ്. 2025-ലെ പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷ ക്ഷണിച്ചപ്പോൾ ഹോം സ്റ്റേഷനായ തിരുവനന്തപുരം ജില്ലയിലെ വിവിധ സ്ഥാപനങ്ങൾ ഓപ്റ്റ് ചെയ്ത് സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച കരട് സ്ഥലംമാറ്റ പട്ടികയിൽ കൊല്ലം ജില്ലയിലെ ശാസ്താംകോട്ട താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി നോക്കുന്ന ഡോ.ഹരികൃഷ്ണൻ.എം.-നെ തിരുവനന്തപുരം ജില്ലയിലെ പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റുന്നതിനായി ഉൾപ്പെടുത്തുകയാണുണ്ടായത്. എന്നാൽ ടിയാൻ ശാസ്താംകോട്ട താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഒരു വർഷ സേവന കാലയളവ് പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ആരോഗ്യ വകുപ്പ് ഡയറക്ടർ മുമ്പാകെ കരട് ലിസ്റ്റിനെതിരെ അപ്പീൽ സമർപ്പിച്ചുവെങ്കിലും, അന്തിമ സ്ഥലംമാറ്റ പട്ടിക പുറപ്പെടുവിച്ചപ്പോൾ കരട് ലിസ്റ്റിൽ മാറ്റം വരുത്തിയിരുന്നില്ല. 2023-ലെ പൊതുസ്ഥലംമാറ്റത്തിൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതിന് രണ്ടു വർഷത്തിനു താഴെ കാലയളവേയുള്ളൂ എന്ന കാരണത്താൽ ഡോ.ലക്ഷ്മി ആർ. നായർക്ക് തിരുവനന്തപുരം ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചിരുന്നു. എന്നാൽ യഥാർത്ഥത്തിൽ ഡോ.ലക്ഷ്മി ആർ. നായർക്ക് സർവ്വീസിൽ നിന്നും വിരമിക്കുന്നതിന് 4 വർഷകാലയളവ് അവശേഷിച്ചിരുന്നു. കൂടാതെ, നിലവിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ജോലി നോക്കുന്ന പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.വിജയലക്ഷ്മി കഴിഞ്ഞ 16 വർഷമായി തിരുവനന്തപുരം ജില്ലയിലെ വിവിധ ആശുപത്രികളിൽ ജോലി ചെയ്തു വരുന്നു. ആയതിനാൽ ഡോ.വിജയലക്ഷ്മി ഉൾപ്പെടെ 3/5 വർഷത്തിലധികമായി തിരുവനന്തപുരം ജില്ലയിൽ ജോലി ചെയ്തു വരുന്ന ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്) തസ്തികയിൽ ഉൾപ്പെട്ടിട്ടുള്ള മെഡിക്കൽ ഓഫീസർമാരെ ആരെയെങ്കിലും സ്ഥലംമാറ്റി തിരുവനന്തപുരം ജില്ലയിൽ നിയമനം അനുവദിക്കുക.

4) ഡോ.അമിത് കുമാർ.വി. 2025 ലെ പൊതുസ്ഥലം മാറ്റത്തിൽ തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റത്തിനായി 7 ഓപ്ഷനുകൾ സമർപ്പിച്ചിരുന്നതായും, പൊതുസ്ഥലംമാറ്റത്തിനായുള്ള GO(P) 3/2017/P&ARD dated 25-02-2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാകുന്ന ജീവനക്കാരെ മാത്രമാണ് പൊതുസ്ഥലംമാറ്റത്തിൽ പരിഗണിക്കാൻ നിർവാഹമുള്ളൂവെന്നും, ഹർജിക്കാരന്റെ വിരമിക്കൽ തീയതി കണക്കാക്കി പൊതുസ്ഥലംമാറ്റത്തിന് പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നതായും,

ഡോ.അമിത് കുമാർ വി.-യുടെ വിരമിക്കൽ തീയതി 31/05/2027 ആയതിനാലും 2025 ഏപ്രിൽ 30 വരെയുള്ള സേവനം കണക്കിലെടുത്താണ് 2025 പൊതുസ്ഥലമമാറ്റത്തിനുള്ള സർവ്വീസ് ദൈർഘ്യം കണക്കാക്കുന്നതെന്നതിനാലുമാണ് ടിയാന്റെ അപേക്ഷ പരിഗണിക്കാതിരുന്നതെന്നും, ഡോ.അമിത് കുമാർ. വി. 25/01/2008 മുതൽ 01/02/2023 വരെ (ഏകദേശം 15 വർഷത്തോളം) അസിസ്റ്റന്റ് സർജൻ തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ടെന്നും, 2024 ലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ പൊതുസ്ഥലംമാറ്റത്തിൽ 01/08/2017 മുതൽ നേമം താലൂക്ക് ആശുപത്രിയിൽ സേവനമനുഷ്ഠിച്ചിരുന്ന ഡോ.വിജയലക്ഷ്മിയെ ടിയാളുടെ ഏഴാമത്തെ ഓപ്ഷൻ പരിഗണിച്ച് നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലേക്ക് സ്ഥലംമാറ്റം നൽകിയിരുന്നുവെന്നും, ഈ രണ്ട് സ്റ്റേഷനുകളും 15 കിലോമീറ്റർ ചുറ്റളവിൽ ഉള്ള സ്റ്റേഷനുകൾ ആയതിനാൽ സ്ഥലംമാറ്റ മാനദണ്ഡ പ്രകാരം ഒരേ സ്റ്റേഷനായി കണക്കാക്കേണ്ടി വരുമെന്നും, ആയതിനാൽ ഡോ. വിജയലക്ഷ്മി ഒരേ സ്റ്റേഷനിൽ 3 വർഷം തുടർച്ചയായ സേവനം പൂർത്തിയാക്കിയിട്ടുണ്ടെന്നും എന്നാൽ ഡോ.അമിത് കുമാർ.വി. നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയകാത്തതിനാലാണ് ടിയാനെ പൊതുസ്ഥലം മാറ്റത്തിൽ പരിഗണിക്കാതിരുന്നതെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ശാസ്താംകോട്ട താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്തിരുന്ന ഡോ.ഹരികൃഷ്ണൻ എം.-ന് ടി സ്ഥാപനത്തിൽ നിർബന്ധിത സ്ഥലംമാറ്റം നൽകിയിരുന്നതിനാലാണ് 2025-ലെ പൊതുസ്ഥലംമാറ്റത്തിൽ ടിയാന് പേരൂർക്കട മാതൃക ആശുപത്രിയിലേക്ക് സ്ഥലംമാറ്റം അനുവദിച്ച് നൽകിയതെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഡോ.അമിത് കുമാർ നിലവിലെ സ്റ്റേഷനായ പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ നിയമിതനായത് 07.07.2023 മുതൽക്കാണ്. സ.ഉ. (അച്ചടി) നം.3/2017/ആകുവ തീയതി 25.02.2017 പ്രകാരം ഒരു സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയ ഉദ്യോഗസ്ഥർക്കാണ് പൊതുസ്ഥലംമാറ്റ പ്രകാരം സ്ഥലംമാറ്റം അനുവദിക്കുന്നത്. 2025-ലെ പൊതുസ്ഥലംമാറ്റ വേളയിൽ ഡോ.അമിത് കുമാർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപത്തിൽ 3 വർഷ സേവന കാലയളവ് പൂർത്തിയാക്കിയിട്ടില്ല. കൂടാതെ ടിയാൻ സർവ്വീസിൽ നിന്നും വിരമിക്കുന്നത് 31.05.2027-ൽ ആയതിനാൽ 2025 പൊതുസ്ഥലംമാറ്റ കാലയളവായ 2025 ഏപ്രിൽ 30 കണക്കിലെടുക്കുമ്പോൾ ടിയാന് സേവനത്തിൽ നിന്നും വിരമിക്കുന്നതിന് രണ്ട് വർഷത്തിലധികം കാലയളവ് ഉണ്ടായിരുന്നു. മേൽ കാരണങ്ങളാലാണ് 2025-ലെ പൊതുസ്ഥലംമാറ്റത്തിൽ ഡോ.അമിത് കുമാർ.വി. സമർപ്പിച്ച അപേക്ഷ

പരിഗണിക്കാതിരുന്നത്. കൂടാതെ, 25/01/2008 മുതൽ 01/02/2023 വരെ (ഏകദേശം 15 വർഷത്തോളം) അപേക്ഷകൻ ഹോം സ്റ്റേഷനായ തിരുവനന്തപുരം ജില്ലയിൽ സേവനമനുഷ്ഠിച്ചിട്ടുമുണ്ട്. ആയതിനാൽ അടുത്ത പൊതുസ്ഥലംമാറ്റത്തിൽ ഡോ.അമിത്കുമാർ ഹോം സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കുന്ന പക്ഷം ടി അപേക്ഷ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം പരിശോധിച്ച് ടിയാന് ഹോം സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് OA (EKM)-840/2025-ന്മേലുള്ള 12.06.2025 തീയതിയായ വിധി അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീന ഷംസുദ്ദീൻ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്.
ഡോ.അമിത്കുമാർ.വി., ജൂനിയർ കൺസൾട്ടന്റ്, താലൂക്ക് ആസ്ഥാന ആശുപത്രി, ഒറ്റപ്പാലം, പാലക്കാട്,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ (എ2/425/2025-ഹെൽത്ത്)

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 30-10-2025 11:00:27